CB (3) 17523/2018

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 15/09/2018

സർക്കുലർ 46/18

വിഷയം:- സഹകരണ വകുപ്പ്- CARe Kerala Project- CARe Loan പദ്ധതിക്കു കീഴിൽ സർക്കാർ കുടുംബശ്രീ മിഷനിലൂടെ നടപ്പാക്കുന്ന റീസർജന്റ് കേരള ലോൺ സ്കീം((RKLS)ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത്- സർക്കുലർ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന:- 1. 7.9.2018 ലെ സ.ഉ(കൈ) 326/2018 റവ നമ്പർ സർക്കാർ ഉത്തരവ്.
2. 15.09.2018 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 8943/സി/18/കെ.എസ്.എച്ച്.എ നമ്പർ കത്ത്.

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തില് ജനങ്ങൾക്ക് ആശ്വാസമേകാൻ സഹകരണവകുപ്പ് പ്രഖ്യാപിച്ച പദ്ധതിയാണ് CARe Kerala Project. ഇതിൽ ദുരിതബാധിതർക്ക് ലളിതമായ വ്യവസ്ഥയില് വായ്പ നൽകുന്നതിനുള്ള CARe Loan പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജിവനോപാധികൾ നേടുന്നതിനുമായി സൂചന (1) ഉത്തരവ് പ്രകാരം റീസർജന്റ് കേരള ലോൺ സ്കീം((RKLS)എന്നൊരു പദ്ധതി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ഡയറക്ടറെയാണ് ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളത്.

കുടുബശ്രീയിൽ 2.77 ലക്ഷം അയൽക്കൂട്ടങ്ങൾ ഉള്ളതിൽ ഏകദേശം 1.1 ലക്ഷം അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ട് സഹകരണ ബാങ്കിൽ ആയതിനാൽ റീസർജന്റ് കേരള ലോൺ സ്കീം((RKLS) സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പദ്ധതി സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതുസംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിൽകുന്നു.

1. അയൽക്കൂട്ടങ്ങൾക്ക് അക്കൌണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷികവായ്പാസംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.

2. സി.ഡി.എസ് ശുപാർശയോടെ സഹകരണബാങ്കുകളെ സമീപിക്കുന്ന അതേ ബാങ്കിൽ അക്കൌണ്ടുള്ളഅയൽക്കൂട്ടങ്ങൾക്കാണ് വായ്പ നൽകേണ്ടത്.

3. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരുക്കുംവായ്പാ പരിധി.നിലവിൽ വായ്പയുള്ള അയൽക്കൂട്ടങ്ങൾക്ക്നിലവിലെ വായ്പാ ബാക്കി നിൽപ്പ്കഴിച്ചുള്ള തുകയ്ക്കാണ് അർഹതയുണ്ടായിരിക്കുക. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. വായ്പാകാലാവധി അയൽക്കൂട്ടങ്ങൾ അപേക്ഷിക്കുന്നതിനനുസരിച്ച് മേല് നിബന്ധന പാലിച്ച് ബാങ്ക് ക്ലിപ്തപ്പെടുത്തേണ്ടതാണ്. തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം അനുവദിയ്ക്കേണ്ടതാണ്. 10-ാം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടവ് ക്രമീകരിച്ച നൽകേണ്ടതാണ്.

4. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. ബാങ്കുകൾ അയൽക്കൂട്ടങ്ങളില് നിന്നും പലിശ സഹിതം വായ്പാ സംഖ്യ തിരിച്ച് ഈടാക്കേണ്ടതാണ്. വായ്പാതിരിച്ചടവ് മുടങ്ങുന്ന സാഹചര്യം ഉണ്ടായാൽ അയൽക്കൂട്ടങ്ങളില് നിന്നും വായ്പാ തുക തിരിച്ചുപിടിക്കാന് ബാങ്കുകൾക്ക് നിലവിലെ രീതിയില് നിയമനടപടികള് സ്വീകരിക്കാവുന്നതാണ്.

5. കുടുംബശ്രീഅയൽക്കൂട്ട സംവിധാനത്തിലൂടെ റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന്റെ 7.09.2018 ലെ സ.ഉ.(കൈ) 326/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരവും വിശദമായ നടപടിക്രമങ്ങൾ കുടുംബശ്രീയുടെ 13.09.2018 ലെ KSHO/8943/C/18 നമ്പർ പരിപത്ര പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ (www.co-operation kerala.gov.in-ൽ ലഭ്യമാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങള് പാലിക്കുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്.)

6. പ്രകൃതി ദുരന്തത്തെ തുടർന്ന് പ്രഖ്യാപിച്ച പ്രത്യേക പദ്ധതിയായതിനാല് SLBC-യിൽ അനുവദിച്ചിട്ടുള്ള താഴെ ചേർത്തിരിക്കുന്ന ഇളവുകള് പാലിക്കേണ്ടതാണ്.

എ) വായ്പാതുക അയൽക്കൂട്ടകോർപ്പസിന് ആനുപാതികമായി കണക്കാക്കേണ്ടതില്ല.

ബി) ഈ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരു അയൽക്കൂട്ടത്തിനുവായ്പാപരിധിക്കകത്തുനിന്നുകൊണ്ട് ഒന്നില് കൂടുതല് തവണ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

സി) വായ്പാ ലഭ്യതയ്ക്ക് അയൽക്കൂട്ടം ആരംഭിച്ച് ആറുമാസം പൂർത്തീകരിച്ചിരിക്കണം എന്ന വ്യവസ്ഥ ഇളവ് ചെയ്യാവുന്നതാണ്.

7. ജില്ലയിലെ RKLS വായ്പകൾ സംബന്ധിച്ച ബാങ്ക് തിരിച്ചുള്ള പ്രതിമാസ വായ്പാ ബാക്കിനിൽപ്പ്, പലിശ സ്റ്റേറ്റ്മെന്റ് എന്നിവ അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

8. റീസർജന്റ് കേരള ലോൺ സ്കീം (RKLS) പദ്ധതി പ്രകാരമുള്ള വായ്പാ പദ്ധതി ബന്ധപ്പെട്ട സഹകരണ ബാങ്കുകൾ 25.09.2018 നകം നടപ്പിലാക്കേണ്ടതാണ്.

ഒപ്പ്
എസ്. ഷാനവാസ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
3. സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. കൺവീനർ, SLBC
7. എഡിറ്റർ സഹകരണ വീഥി / സഹകരണ ജേർണൽ
8. വെബ്സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ.

8943

KUDUMBASHREE
STATE POVERTY ERADICATION MISSION
07 SEP 2018

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച പുതിയ സാമ്പത്തിക സഹായ പദ്ധതിയുടെ കീഴിലുള്ള ഗാർഹിക വായ്പാ പദ്ധതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(കൈ) 326/2018/റവ.** **തിരുവനന്തപുരം.** തീയതി-07/09/2018

---

<u>ഉത്തരവ്</u>

കേരളം ഇന്നേവരെ കണ്ടതിൽ വച്ച് ഏറ്റവും രൂക്ഷമായ പ്രകൃതി ക്ഷോഭത്തെ തുടർന്ന് പൊതുവായി നേരിട്ടുള്ള നഷ്ടത്തിനൊപ്പം ദുരന്തത്തിന്റെ ആഘാതത്തിൽ തകർന്ന് നിൽക്കുന്നവരെ ചേർത്തു പിടിക്കാനും ആശ്വസിപ്പിക്കാനും തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുക എന്ന ലക്ഷ്യം മുൻനിർത്തി RKLS (Resurgent Kerala Loan Scheme) എന്നൊരു പുതിയ സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതി പ്രകാരം പ്രളയക്കെടുതിയെത്തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കും മറ്റു കാര്യങ്ങൾക്കുമായി കുടുംബനാഥയ്ക്ക് 1,00,000/- രൂപാവരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000/- രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭബാധിത പ്രദേശങ്ങളിലെ നിവാസികൾക്കാണ് ഈ പദ്ധതിയുടെ സഹായം ലഭിക്കുക.

2. അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് കുടുംബശ്രീ സംഘടനാസംവിധാനം വഴിയാണ് ഈ വായ്പ ലഭ്യമാക്കുക. മുകളിൽ പറഞ്ഞ മാനദണ്ഡപ്രകാരം അർഹരായിട്ടുള്ള കുടുംബശ്രീ അംഗങ്ങളല്ലാത്തവർക്ക് വായ്പ ആവശ്യമെങ്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വം നൽകി വായ്പ ലഭിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്. അർഹരായവരുടെ ലിസ്റ്റ് ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ നിന്നും ശേഖരിച്ച് കുടുംബശ്രീ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വായ്പ തിരിച്ചടവ് കാലാവധി 36-48 മാസങ്ങളായി നിജപ്പെടുത്താവുന്നതാണ്. വായ്പ തിരിച്ചടവിന് ചുരുങ്ങിയത് 6 മാസത്തെ മോറട്ടോറിയം ബാങ്ക് ഏർപ്പെടുത്തേണ്ടതാണ്.

4. വായ്പയുടെ പലിശ ( 9% ) കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണ്.

5. വായ്പാതിരിച്ചടവ് ഗഡുക്കൾ കുറഞ്ഞ തുകയിൽ നിന്ന് കൂടി വരുന്ന രീതിയിൽ (Step up) ക്രമപ്പെടുത്തേണ്ടതാണ്.

6. കാലതാമസം കൂടാതെ അർഹരായ അംഗങ്ങളുടെ വായ്പ അപേക്ഷകൾ ബാങ്കുകളിലെത്തിക്കാൻ കുടുംബശ്രീ നടപടി സ്വീകരിക്കേണ്ടതാണ്. ബാങ്കുകളിൽ നിന്ന് വായ്പ അനുവദിച്ച ശേഷം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും മേൽനോട്ടവും കുടുംബശ്രീ സംഘടനാസംവിധാനം വഴി സ്വീകരിക്കേണ്ടതാണ്.

7. ഗാർഹികോപകരണങ്ങളുടെ ആവശ്യകത എത്രയെന്നും [illegible] ഉപകരണങ്ങൾ ന്യായവിലയ്ക്ക് കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുന്ന [illegible] നിർമ്മിക്കുന്ന കമ്പനികളുമായി കരാർ ഉണ്ടാക്കുന്നതിനും, നിലവിലുള്ള [illegible] കണക്കാക്കി എത്ര തുക കുടുംബശ്രീ അംഗങ്ങൾക്ക് മുതൽ [illegible] സംബന്ധിച്ച് കുടുംബശ്രീ ഡയറക്ടർ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് [illegible]

8. വായ്പയുടെ കൃത്യമായ തിരിച്ചടവ് ഉറപ്പിക്കുന്നതിനായി [illegible] സംഘടനാസംവിധാനത്തിന്റെ പ്രവർത്തനം ശക്തമാക്കേണ്ടതാണ്

9. വായ്പാ തിരിച്ചടവിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നവരെ [illegible] പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതാണ്.

10) വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച് ബാങ്ക് കൺസോർഷ്യം/SLBC യുമായി ആവശ്യമായ കൂടിയാലോചന നടത്താൻ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

11) ഇതിനുശേഷം ആവശ്യമെങ്കിൽ ബാങ്കുകൾ/ബാങ്ക് കൺസോർഷ്യം SLBC [illegible] ഈ പദ്ധതിയ്ക്കുവേണ്ടി കരാറിലേർപ്പെടാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് [illegible] ചുമതലപ്പെടുത്തുന്നു.

ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനം വഴി നടപ്പിലാക്കാനുള്ള തുടർ ഉത്തരവുകൾ/ സർക്കുലറുകൾ/ നടപടിക്രമങ്ങൾ പുറപ്പെടുവിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം
കൺവീനർ, SLBC
ജനറൽ മാനേജർ, കാനറാ ബാങ്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി [illegible])
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് (അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്)
ധനകാര്യ ([illegible]) വകുപ്പ്
[illegible] വകുപ്പ്
[illegible] — ഐ. സി വകുപ്പ്
[illegible] (വെബ് & ന്യൂ മീഡിയ) വകുപ്പ്
[illegible] കോപ്പി

ഉത്തരവിൻ പ്രകാരം

Smitha A S

സെക്ഷൻ ഓഫീസർ

## സംഗ്രഹം

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച RKLS പദ്ധതിയുടെ നടത്തിപ്പ് - വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്**

**സൂചന: സ.ഉ.(കൈ) 326/2018/റവ തിരുവനന്തപുരം തീയതി 07/09/2018**

---

**KSHO/8943/C/18** **dated 13/9/2018**

---

## പരിപത്രം

കേരളം ഇന്നേവരെ കണ്ടതിൽവച്ച് ഏറ്റവും രൂക്ഷമായ പ്രകൃതിക്ഷോഭമാണ് നമ്മെക്കടന്ന് പോയിരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് ഇതിലൂടെ നമുക്ക് നേരിട്ടിട്ടുള്ളത്. ഈ ദുരന്തത്തിന് മുമ്പിൽ പകച്ചു നിൽക്കുകയല്ല നഷ്ടപ്പെട്ടവയ്ക്ക് പകരം കൂടുതൽ മെച്ചമായവ മെനഞ്ഞെടുക്കാനുള്ള തയ്യാറെടുപ്പാണ് ഇപ്പോൾ നമുക്കാവശ്യം. ഒരുമിച്ച് നിന്ന് പുതിയൊരു കേരളം പണിതുയർത്തുന്നതിനുള്ള വിവിധ ശ്രമങ്ങൾക്കാണ് കേരള സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്

നാടിന് പൊതുവായി നേരിട്ടിട്ടുള്ള നഷ്ടത്തിനൊപ്പം തന്നെ പ്രധാനവും ഒരളവുവരെ അതിലുമേറെ ആഘാതമുളവാക്കുന്നതുമാണ് സാധാരണ ജനങ്ങൾക്ക് നേരിട്ടിട്ടുള്ള വ്യക്തിഗത നഷ്ടങ്ങൾ. ജീവിതകാല സമ്പാദ്യവും ഉപജീവനമാർഗ്ഗവും നഷ്ടമായവർ അതെങ്ങനെ നേരിടണമെന്നറിയാത്ത അവസ്ഥയിലാണ്. ദുരന്തത്തിന്റെ ആഘാതത്തിൽ പകച്ചുപോകുന്നവർക്ക് തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുകയെന്നതാണ് ഇതിനുള്ള നടപടികളിൽ പ്രധാനം.

ഈ പ്രത്യേക ലക്ഷ്യം മുൻനിർത്തി സർക്കാർ പ്രഖ്യാപിച്ച തിരിച്ചടവ് ഉറപ്പാക്കികൊണ്ടുള്ള വായ്പാ പദ്ധതിയാണ് **റിസർജന്റ് കേരള ലോൺ സ്കീം** (Resurgent Kerala Loan Scheme-RKLS). 2018 ഓഗസ്റ്റിലുണ്ടായ പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റ വ്യക്തികൾക്ക് സമയബന്ധിതമായും വേഗത്തിലും വായ്പ ലഭ്യമാക്കുക എന്നതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം.

സൂചന ഉത്തരവു പ്രകാരം തുടർ നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ RKLS പദ്ധതിയുടെ നടപടിക്രമം താഴെപ്പറയുന്ന പ്രകാരം അംഗീകരിച്ച് പുറപ്പെടുവിക്കുന്നു

## 1. RKLS പദ്ധതിയുടെ ലക്ഷ്യം

പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബനാഥക്ക് / കുടുംബശ്രീ അംഗത്തിനു 1,00,000/- രൂപ വരെ പലിശ രഹിത വായ്പ ലഭ്യമാക്കുക.

## 2 . റിസർജന്റ് കേരള ലോൺ സ്കീമിന്റെ ഗുണഭോക്താവ് ആര്?

- സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000/ രൂപക്ക് അർഹരായ പ്രകൃതിക്ഷോഭ ബാധിത പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളാണ് ഈ വായ്പാ പദ്ധതിയിൽ ഉൾപ്പെടുക.

- ഇത്തരത്തിൽ പതിനായിരം രൂപയുടെ സർക്കാർ ധനസഹായം ലഭിച്ച കുടുംബത്തിലെ ഗൃഹനാഥ/ വനിതാ കുടുംബാംഗം നിലവിൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലായെങ്കിൽ അംഗത്വം സ്വീകരിക്കുന്ന മുറക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വായ്പ കാലയളവിൽ ഇവർ അയൽക്കൂട്ടത്തിൽ തുടരണമെന്ന് ഉറപ്പാക്കണം.

## 3. റിസർജന്റ് കേരള വായ്പ എന്തിന്?

- പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനോ (ഉദാഹരണത്തിന് ടിവി, ഫ്രിഡ്ജ്, മിക്സി, ഗ്യാസ് സ്ററൗ, ഫർണിച്ചർ,മെത്ത, കുക്കർ മുതലായവ), വീടിന്റെ ചെറിയ അറ്റകുറ്റ പണികൾക്കായി സാധനങ്ങൾ വാങ്ങുന്നതിനോ (വീടു പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം സർക്കാർ തലത്തിൽ പ്രത്യേകം പരിഗണിക്കും), നഷ്ടമായ ഉപജീവനോപാധികൾ (കോഴി, ആട് മുതലായ മുതൽമുടക്ക് കുറഞ്ഞ സംരഭങ്ങൾ മാത്രം) എന്നിവ നേടുന്നതിനോ ഈ വായ്പാ തുക ഉപയോഗിക്കാവുന്നതാണ്.

## 4. പദ്ധതി സവിശേഷതകൾ

- കുടുംബശ്രീ അയൽക്കൂട്ട വായ്പയായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക
- പരമാവധി ഒരു ലക്ഷം രൂപവരെയാണ് ഒരു വ്യക്തിക്ക് വായ്പയായി ലഭിക്കുന്നത്. എന്നാൽ ബാങ്കിന്റെ വ്യവസ്ഥയനുസരിച്ച് ഒരു അയൽക്കൂട്ടത്തിന് യാതൊരു ഈടുമില്ലാതെ ബാങ്ക് അനുവദിക്കുന്ന പരമാവധി വായ്പ തുക 10 ലക്ഷമായതിനാൽ (നിലവിലെ ബാധ്യത+ പുതുതായി അപേക്ഷിക്കാനുദ്ദേശിക്കുന്ന വായ്പ= 10ലക്ഷം രൂപയിൽ അധികരിക്കരുത്) ഇതിനുള്ളിൽ വരുന്ന തുകയേ വായ്പ തുകയായി അയൽക്കൂട്ടത്തിന് ബാങ്കിനോട് ആവശ്യപ്പെടാൻ കഴിയൂ.
- 36 മാസം മുതൽ 48 മാസം വരെയായിരിക്കും തിരിച്ചടവു കാലാവധി.
- വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കും
- വായ്പാ തിരിച്ചടവിൽ മനപ്പൂർവ്വമായ വീഴ്ച്ചവരുത്തുന്നവരെ പ്രത്യേകം പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള സർക്കാരിന്റെ എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യും.
- കുടുംബശ്രീ അയൽക്കൂട്ടത്തിനായിരിക്കും വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടം അർഹരായ വ്യക്തിഗത അപേക്ഷകർക്ക് തുക ലഭ്യമാക്കും.
- ബാങ്ക് മോറട്ടോറിയം അനുവദിക്കുമെങ്കിലും വായ്പ ലഭ്യമായ അടുത്ത മാസം മുതൽ വായ്പാ തിരിച്ചടവ് ഗുണഭോക്താവ് അയൽക്കൂട്ടത്തിന് നൽകുന്നുണ്ടെന്ന് കുടുംബശ്രീ മിഷൻ ഉറപ്പുവരുത്തുന്നതാണ്. ആദ്യത്തെ ഒരു വർഷക്കാലയളവിൽ തിരിച്ചടവ് തുക താരതമ്യേന കുറഞ്ഞ തോതിലായി രിക്കും. രണ്ടാമത്തെ വർഷം മുതൽ തിരിച്ചടവ് ഒരു നിശ്ചിത തുകയായി ക്രമീക രിക്കുന്നതാണ്. അയൽക്കൂട്ടത്തിൽനിന്ന് വായ്പ ലഭിച്ച അംഗം ആഴ്ച്ച വ്യവസ്ഥയിലോ, മാസവ്യവസ്ഥയിലോ അടുത്ത മാസം മുതൽ വായ്പാ തിരിച്ചടവ് അയൽക്കൂട്ടത്തിലേക്ക് നൽകേണ്ടതാണ്. (ആദ്യത്തെ ഒരു വർഷത്തിൽ ആദ്യത്തെ മൂന്നു മാസം ഓരോ മാസവും 400, അടുത്ത മൂന്നു മാസം 600 (ഓരോ മാസവും), പിന്നെ 800,1000എന്നിങ്ങനെ തിരിച്ചടവ് തുക ക്രമീകരിക്കാവുന്നതാണ്)

- വായ്പയുടെ പലിശ തുക(9%) സർക്കാരിൽ നിന്ന് കൈപ്പറ്റി കുടുംബശ്രീ ജില്ലാമിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

## 3. പ്രവർത്തന രീതി

- കുടുംബശ്രീ ജില്ലാമിഷൻ താലൂക്ക് ഓഫീസുകളിൽ നിന്ന് 10,000 രൂപ അടിയന്തിര സഹായമായി ലഭിച്ച കുടുംബങ്ങളുടെ പട്ടിക ശേഖരിക്കുകയും സിഡിഎസിനു നൽകുകയും ചെയ്യണം.
- കുടുംബശ്രീ അംഗങ്ങളല്ലാത്തതും എന്നാൽ സർക്കാരിന്റെ ഒറ്റത്തവണ സമാശ്വാസ ധനസഹായം ലഭിച്ചവരുമായ കുടുംബങ്ങളിലെ ഗൃഹനാഥക്കോ/വനിതാ കുടുംബാംഗത്തിനോ കുടുംബശ്രീയിൽ അംഗമാകുന്നതിന് അവസരം ഉണ്ടായിരിക്കും. അംഗമാകുന്നവർ കുടുംബശ്രീ ദർശനം ഉൾക്കൊള്ളുന്നതിനും അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുത്ത് സ്വാഭാവിക പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്കും ആയിരിക്കും ഇവരുടെ വായ്പാ അപേക്ഷ പരിഗണിക്കുക.

- പ്രസ്തുത പദ്ധതി പ്രകാരം വായ്പ ആവശ്യമുള്ള അർഹരായ കുടുംബശ്രീ അംഗങ്ങളെ അതാത് അയൽക്കൂട്ടങ്ങൾ കണ്ടെത്തി എ ഡി എസ് മുഖേന അപേക്ഷ സി ഡി എസിനു കൈമാറും. അയൽക്കൂട്ടം ഇവരുടെ വായ്പാവശ്യത്തെക്കുറിച്ച് പഠിക്കുകയും ആവശ്യം മനസിലാക്കിയും തിരിച്ചടക്കാനുള്ള പ്രാപ്തി വിലയിരുത്തിയും ഓരോ വ്യക്തിക്കും അനുവദിക്കാവുന്ന തുക എത്രയെന്ന് കണ്ടെത്തണം. അയൽക്കൂട്ടത്തിന്റെ കൂട്ടുത്തരവാദിത്വത്തിലാണ് ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക നിശ്ചയിക്കേണ്ടത്.

- വായ്പാപേക്ഷ പരിശോധിച്ച് അപേക്ഷകയുടെ നാശനഷ്ടങ്ങളുടെ വിവരങ്ങൾ വസ്തുനിഷ്ഠമായി അളക്കുകയും, ഇവരുടെ മുൻകാലത്തെ തിരിച്ചടവ് സ്വഭാവവും, വായ്പ തിരിച്ചടവിനുള്ള കഴിവ്, നിലവിലെ ബാധ്യത എന്നിവ കണക്കാക്കി അവർക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക (ഒരു ലക്ഷത്തിൽ കവിയരുത്) കണക്കാക്കേണ്ടതാണ്. **എന്നാൽ അയൽക്കൂട്ടത്തിന് അപേക്ഷിക്കാവുന്ന പരമാവധി വായ്പ തുക 10 ലക്ഷം രൂപയിൽ കവിയാനും പാടില്ല**. യാതൊരു ബാഹ്യ ഇടപെടലുകളും ഇക്കാര്യത്തിൽ ഉണ്ടാകാൻ പാടില്ല. **അർഹതപ്പെട്ട തുക നിഷേധിക്കുന്ന സാഹചര്യമോ അർഹതയില്ലാത്ത തുക ശുപാർശ ചെയ്യുന്ന സാഹചര്യമോ ഉണ്ടാകാൻ പാടില്ല**. ഇത്തരം തെറ്റായ പ്രവണത ഉണ്ടായാൽ അത്തരം അയൽക്കൂട്ടങ്ങളെ കരിമ്പട്ടികയിൽ

17

ഉൾപ്പെടുത്തുന്നതും തുടർന്നുള്ള സർക്കാരിന്റെ പദ്ധതികളിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

- ലോൺ ആവശ്യമുള്ള അർഹരായ ഗുണഭോക്താക്കൾ നിശ്ചിത അപേക്ഷ കുടുംബശ്രീ അയൽക്കൂട്ടത്തിന് നൽകണം. (മാതൃക **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു) അതോടൊപ്പം ലോൺ തിരിച്ചടവ് കൃത്യമായി നടത്തുമെന്നുള്ള സത്യവാങ്മൂലം റവന്യു സ്റ്റാമ്പ് ഒട്ടിച്ച വെള്ള പേപ്പറിൽ എഴുതി അപേക്ഷക അയൽക്കൂട്ടത്തിനു നൽകണം. (മാതൃക **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു)

- അയൽക്കൂട്ടം, ഈ അപേക്ഷകളുടെ അടിസ്ഥാനത്തിൽ RKLS ലോണിനുള്ള അപേക്ഷ (മാതൃക **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു) വ്യക്തമായ ശുപാർശകളോടെ എഡിഎസിനു കൈമാറുകയും, എഡിഎസ് ആയത് ശുപാർശചെയ്ത് സി ഡി എസിനു കൈമാറുകയും സി ഡി എസ് ശുപാർശ രേഖപ്പെടുത്തി ബാങ്കുകൾക്ക് കൈമാറുകയും ചെയ്യേണ്ടതാണ്

- ബാങ്കുകൾ സമയബന്ധിതമായി പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. ലോൺ മേളകൾ സംഘടിപ്പിച്ച് ഏകജാലക സംവിധാനത്തിലൂടെ ലോൺ വിതരണത്തിനുള്ള നടപടികൾ (സി ഡി എസ്/ബ്ലോക്ക് തലത്തിൽ) ജില്ലാ മിഷൻ സ്വീകരിക്കേണ്ടതാണ്.
- അയൽക്കൂട്ടത്തിന് നൽകേണ്ട പലിശ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കുടുംബശ്രീ ജില്ലാമിഷനായിരിക്കും.
- കുടുംബശ്രീ അയൽക്കൂട്ടത്തിലൂടെ ഗുണഭോക്താവ് വായ്പാ തിരിച്ചടവ് നടത്തുന്നതായിരിക്കും. വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ നിക്ഷിപ്തമാണ്.

- അയൽക്കൂട്ടം ഗുണഭോക്താവിൽനിന്ന് പലിശ അടക്കമുള്ള തുകയാണ് ബാങ്കിലേക്ക് തിരിച്ചടക്കേണ്ടതാണ്. പലിശ തുക (9%) സർക്കാരിൽ നിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കാലവിളംബം കൂടാതെ നിക്ഷേപിക്കണം.

- വായ്പയ്ക്ക് താങ്ങായി (Subvention) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ തുക യഥാസമയം കുടുംബശ്രീ ജില്ലാ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.
- അപേക്ഷ പരിശോധിച്ച് ഏറ്റവുമടുത്ത ദിവസം തന്നെ ബാങ്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ഗുണഭോക്താക്കൾക്കാവശ്യമായ ഉപകരണങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ മിഷനുകൾ ഈ കമ്പനികളുമായി സഹകരിച്ച് ബ്ളോക്കുതല വിപണനമേളകൾ സംഘടിപ്പിക്കുകയും അവശ്യോപകരണങ്ങൾ സമയബന്ധിതമായി ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.
- ഏതെങ്കിലും സാഹചര്യത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അംഗങ്ങൾ ഒരു അയൽക്കൂട്ടത്തിലോ ഒന്നിലധികം അയൽക്കൂട്ടങ്ങളിലോ അംഗങ്ങളായി വന്നാൽ ഒരു അംഗത്തിനു മാത്രമേ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക ലഭിച്ചവരുടെ ബാങ്ക് പാസ്ബുക്ക് പകർപ്പ് വ്യക്തിഗത അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

## പദ്ധതിയിൽ പങ്കാളിയാകുന്നവരുടെ ഉത്തരവാദിത്തങ്ങൾ

**അപേക്ഷക**

- കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിലും പരിപാടികളിലും കൃത്യമായി പങ്കെടുക്കണം.
- കുടുംബശ്രീയിൽ അംഗത്വം നേടിയിട്ടില്ലെങ്കിൽ ഏറ്റവുമടുത്ത കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വം നേടണം. അതോടൊപ്പം കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും വേണം.
- ലോൺ കൃത്യമായി തിരിച്ചടക്കുന്നതിൽ അതീവ ജാഗ്രത പുലർത്തണം.
- ലോൺ തുകയുടെ ശരിയായ വിനിയോഗം ഉറപ്പു വരുത്തണം.

**അയൽക്കൂട്ടം**

- അർഹരായവർക്ക് മാത്രം ലോൺ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

- കുടുംബശ്രീ അംഗമല്ലാത്ത അർഹരായവരും ലോൺ ആവശ്യമുള്ളവരുമായവർക്ക് അയൽക്കൂട്ടത്തിൽ അംഗത്വം കൊടുക്കുന്നു.
- അപേക്ഷകയുടെ ആവശ്യകത വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.
- ലോൺ അപേക്ഷകൾ സ്വീകരിക്കുകയും അംഗങ്ങളുമായി കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ലോൺ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പരിശ്രമിക്കുന്നു.
- ലഭ്യമായ ലോൺ തുക അപേക്ഷകർക്ക് കാലവിളംബം കൂടാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നു.
- ലോൺ തിരിച്ചടവ് ഉറപ്പാക്കുന്നു.
- ലോൺ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അംഗത്തെ നേരിൽ കണ്ട് പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. (ഉദാ. വായ്പ ലഭിച്ച ഗുണഭോക്താവിന്റെ സമ്പാദ്യത്തിൽനിന്ന് ലഭ്യമാക്കുക തുടങ്ങിയവ)
- ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് യഥാസമയം എ ഡി എസിനു കൈമാറുന്നു.
- ലഭ്യമായ ലോൺ തുക ശരിയായി വിനിയോഗിക്കുന്നതിന് അംഗത്തെ പ്രേരിപ്പിക്കുന്നു.
- ഏതെങ്കിലും സാഹചര്യത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അംഗങ്ങൾ ഒരു അയൽക്കൂട്ടത്തിലോ ഒന്നിലധികം അയൽക്കൂട്ടങ്ങളിലോ അംഗങ്ങളായി വന്നാൽ ഒരു അംഗത്തിനു മാത്രമേ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. ഇക്കാര്യം ഉറപ്പാക്കുന്നു.

**എ ഡി എസ്**

- പ്രളയാനന്തര സഹായമായ പതിനായിരം രൂപ സർക്കാരിൽ നിന്ന് ലഭ്യമായവരുടെ ലിസ്റ്റ് സി ഡി എസിൽ നിന്ന് ശേഖരിച്ച് അയൽക്കൂട്ടങ്ങൾക്ക് കൈമാറുന്നു.
- അയൽക്കൂട്ടങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കുന്നു.
- അപേക്ഷകൾ യാതൊരു പക്ഷപാതവും കൂടാതെ വേഗത്തിൽ ശുപാർശ രേഖപ്പെടുത്തി സി ഡി എസിന് കൈമാറുന്നു.
- ഏതെങ്കിലും അയൽക്കൂട്ടം ലോൺ ആവശ്യമുള്ള ഒരു അപേക്ഷകയുടെ അംഗത്വം ഏതെങ്കിലും സാഹചര്യത്തിൽ നിഷേധിച്ചാൽ ആ

അയൽക്കൂട്ടത്തിൽ നേരിട്ട് സന്ദർശിച്ച് അയക്കൂട്ട അംഗത്വം ഒരു സ്ത്രീയുടെ അവകാശമാണെന്നും അതു നിഷേധിക്കാൻ പാടില്ലായെന്നും അംഗങ്ങളെ ബോധ്യപ്പെടുത്തണം.

- അയൽക്കൂട്ട അംഗ സംഖ്യ ഇരുപതാണെങ്കിൽ അത്തരം സാഹചര്യങ്ങളിൽ അപേക്ഷകയെ തൊട്ടടുത്തുള്ള മറ്റ് അയൽക്കൂട്ടത്തിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നു.
- ലോൺ തിരിച്ചടവ് നിരീക്ഷിക്കുന്നു. സ്റ്റേറ്റ്മെന്റുകൾ യഥാസമയം അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് സി ഡി എസിന് കൈമാറുന്നു.
- ഏതെങ്കിലും സാഹചര്യത്തിൽ ലോൺ തിരിച്ചടവ് മുടുങ്ങുകയാണെങ്കിൽ ബന്ധപ്പെട്ട അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് പ്രശ്ന പരിഹാരം ഉണ്ടാക്കുന്നു. വിവരങ്ങൾ യഥാസമയം സി ഡി എസിന് കൈമാറുന്നു.

**സി ഡി എസ്**

- സർക്കാരിൽ നിന്നും പ്രളയ ബാധിതർക്ക് ഒറ്റതവണ സമാശ്വാസമായി 10,000 രുപ ലഭിച്ചവരുടെ ലിസ്റ്റ് റവന്യു ഉദ്യോഗസ്ഥരിൽ/ജില്ലാമിഷനിൽ നിന്ന് ശേഖരിച്ച് ബന്ധപ്പെട്ട എ ഡി എസുകൾക്ക് കൈമാറുന്നു.
- എ ഡി എസുകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ കാലവിളംബം കൂടാതെ ബാങ്കുൾകൾക്ക് കൈമാറുന്നു.
- ജില്ലാ മിഷൻ നിർദ്ദേശ പ്രകാരം ലോൺ മേള സംഘടിപ്പിക്കുന്നു.
- ലോൺ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എം ഐ എസിൽ നാളിതീകരിക്കുന്നു.
- പലിശ സ്റ്റേറ്റ്മെന്റ്/ലോൺ വിതരണ സ്റ്റേറ്റ്മെന്റ് യഥാസമയം ജില്ലാമിഷനു കൈമാറുന്നു.
- RKLS പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാ ദിവസവും (ജില്ലാ മിഷൻ ആവശ്യപ്പെടുന്നതുവരെ) അതാതു ദിവസം ഉച്ചക്ക് രണ്ടു മണിക്ക് മുൻപ് ജില്ലാ മിഷനു കൈമാറുന്നു.
- RKLS പദ്ധതിയുടെ ഓഫീസ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം സി ഡി എസ് അക്കൗണ്ടന്റിനായിരിക്കും.
- സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക ലഭിച്ചവരുടെ വിവരങ്ങൾ (**അനുബന്ധം 4** ) പ്രകാരം സി ഡി എസിൽ ശേഖരിച്ച് എക്സൽ ഷീറ്റിൽ സൂക്ഷിക്കേണ്ടതും ആയത് ഒരു കുടുംബത്തിൽ നിന്നും ഒന്നിൽ കൂടുതൽ

അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ഉപയോഗിക്കേണ്ടതുമാണ്.

**ജില്ലാ മിഷൻ**

- അർഹരായവരുടെ പട്ടിക റവന്യു ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച് സി ഡി എസുകൾക്ക് കൈമാറുന്നു.
- ടി പദ്ധതിക്കാവശ്യമായ പ്രചരണം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വഴി നൽകുന്നു.
- സി ഡി എസ് ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ബാങ്ക് ഉദ്യോഗസ്ഥരുടെ/ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു.
- പദ്ധതി നടത്തിപ്പിനാവശ്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നു .ബ്ലോക്ക് കോ ഓർഡിനേറ്റർമാർക്ക് സി ഡി എസുകളുടെ ചുമതല നൽകുന്നു.
- തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- പദ്ധതി ഗുണഭോക്താക്കൾക്കായി ആവശ്യമായ ബോധവത്ക്കരണ പരിപാടികളും മാനസിക പിന്തുണാ പരിപാടികളും സംഘടിപ്പിക്കുന്നു.
- പലിശ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന മിഷന് യഥാസമയം കൈമാറുന്നു.
- ടി പദ്ധതിയുമായി ബന്ധപ്പെട്ട വെബ് ടേബിളുകൾ എല്ലാ ദിവസവും പകൽ 4 മണിക്ക് മുൻപായി നാളിതീകരി**ക്കുന്നു.**

**ബാങ്ക്**

- ലോൺ തുക സമയബന്ധിതമായി അയൽക്കൂട്ടത്തിന് അനുവദിക്കുക
- പലിശ സ്റ്റേറ്റ്മെന്റ്, ലോൺ വിതരണ സ്റ്റേറ്റ്മെന്റ് സി ഡി എസുകൾ ആവശ്യപ്പെടുന്ന മുറക്ക് കൈമാറുക.
- ലോൺ തിരിച്ചടവ് സംബന്ധമായ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽ സി ഡി എസിൽ പരിഹാരം ഉണ്ടാകാത്ത പക്ഷം ജില്ലാ മിഷന് കൈമാറുക.
- ലോൺ തിരിച്ചടവ് പുരോഗതി ബി എൽ ബി സിയിലും ഡി എൽ ബി സിയിലും ചർച്ച ചെയ്യുക.
- **പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച പദ്ധതി ആയതിനാൽ SLBC യിൽ അനുവദിച്ചിട്ടുള്ള താഴെ ചേർത്തിരിക്കുന്ന ഇളവുകൾ പാലിക്കുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കുക.**

✓ വായ്പതുക അയൽക്കൂട്ട കോർപ്പസിന് ആനുപാതികമായി കണക്കാക്കേണ്ടതില്ല

✓ ഈ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരു അയൽക്കൂട്ടത്തിന് ഒന്നിൽ കൂടുതൽ തവണ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്

✓ വായ്പാ ലഭ്യതയ്ക്ക് അയൽക്കൂട്ടം ആരംഭിച്ച് ആറുമാസം പൂർത്തീകരിച്ചിരിക്കണം എന്ന വ്യവസ്ഥ ഇളവുചെയ്യുന്നു

**സംസ്ഥാന മിഷൻ**

- പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുക
- ആവശ്യമെങ്കിൽ തുടർമാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- പദ്ധതിയുടെ പ്രവർത്തന പുരോഗതി ദൈനംദിനം വിലയിരുത്തുക.
- പലിശ തുക C.M.D.F-ൽ നിന്ന് യഥാസമയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ലഭിക്കുന്ന തുക അയൽക്കൂട്ടങ്ങൾക്ക് കൈമാറുക.
- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോഘട്ടത്തിലെയും നടപടികൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക. വിലയിരുത്തലും നിരീക്ഷണവും ഉറപ്പാക്കുക. തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുക.

**സമയക്രമം**

| തീയതി | പ്രവർത്തനം | ലക്ഷ്യം | ഉത്തരവാദിത്വം |
|---|---|---|---|
| 13/9/2018, 14/9/2018 | സി ഡി എസ് ചെയർപേഴ്സന്മാരുടെ ജില്ലാതല യോഗം | പദ്ധതി വിശദീകരണം | ജില്ലാ മിഷൻ |
| 14/9/2018, 15/9/2018 | സി ഡി എസ് ജനറൽബോഡി | പദ്ധതി വിശദീകരണം | ബ്ലോക്ക് കോ ഓർഡിനേറ്റർ, സി ഡി എസ് ചെയർപേഴ്സൻ,മെമ്പർ സെക്രട്ടറി |
| 15/9/2018 16/9/2018 | അയൽക്കൂട്ട യോഗം | പദ്ധതി വിശദീകരണം, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുക, ലോൺ അപേക്ഷകൾ സ്വീകരിക്കുക | ബന്ധപ്പെട്ട എ ഡി എസ് ഭാരവാഹികൾ |

| | | | |
|---|---|---|---|
| 17/9/2018 | എ ഡി എസ്തല പരിശോധന (സി ഡി എസ് ഓഫീസിൽ) | അനർഹരായവരെ ഒഴിവാക്കുക, അപേക്ഷയിലെ പിശുകുകൾ തിരുത്തുക, ബന്ധപ്പെട്ടവരുടെ ശുപാർശകൾ രേഖപ്പെടുത്തുക | ബന്ധപ്പെട്ട എ ഡി എസ് ഭാരവാഹികൾ |
| 17/9/2018, 18/9/2018 | സി ഡി എസ്തല പരിശോധനയും അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറലും | അപേക്ഷകൾ ക്രമപ്പെടുത്തുക, ബന്ധപ്പെട്ടവരുടെ ശുപാർശകൾ രേഖപ്പെടുത്തുക, അപേക്ഷകൾ ബാങ്കിന് കൈമാറുക, ആവശ്യമായ വിവരങ്ങൾ ജില്ലാ മിഷനു കൈമാറുക | സി ഡി എസ് ചെയർപേഴ്സൻ,മെമ്പർ സെക്രട്ടറി, സി ഡി എസ് ഭരണസമിതി അംഗങ്ങൾ |
| 19/9/2018 മുതൽ 25/9/2018 വരെ | ബാങ്കുകൾ ലോൺ അനുവദിക്കൽ | അർഹതപ്പെട്ട എല്ലാവർക്കും വായ്പ ഉറപ്പാക്കുക | ബന്ധപെട്ട ബാങ്കുകൾ |
| 25/9/2018 മുതൽ 30/9/2018 വരെ | ഗൃഹോപകരണ മേളകൾ | ആർ കെ എൽ എസ് ഗുണഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുക | ജില്ലാ മിഷൻ |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്

1. എല്ല ഗവേണിംഗ് ബോഡി അംഗങ്ങൾക്ക്
2. അക്കൗണ്ട്സ് സെക്ഷൻ
3. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

Annexure-1

From

To

## റിസർജന്റ് കേരള വായ്പയ്ക്കുള്ള അപേക്ഷ

## (കുടുംബശ്രീ അംഗം അയൽക്കൂട്ടത്തിന് സമർപ്പിക്കേണ്ടത്)

| | |
|---|---|
| **അയൽക്കൂട്ട** അംഗത്തിന്റെ പേര്: | |
| മേൽവിലാസം | |
| **അയൽക്കൂട്ടത്തിൽ** അംഗമായ വർഷം | |
| **അംഗീകൃത തിരിച്ചറിയൽ കാർഡ് നമ്പർ** | |
| **ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ** | |
| **നിലവിൽ ബാങ്ക് വായ്പ ഉണ്ടോ ?** | |
| **ഉണ്ടെങ്കിൽ ഇനിയും എത്ര തുക തിരിച്ചടയ്ക്കണം? കാലാവധി എത്ര ?** | |

**പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങളുടേയും മറ്റും വിവരങ്ങൾ**

| ക്രമ.നം | വസ്തുക്കൾ | എണ്ണം | മതിപ്പ് നഷ്ടം |
|---|---|---|---|
| 1 | മിക്സി | | |
| 2 | ടിവി | | |
| 3 | ഫ്രിഡ്ജ് | | |
| 4 | കുക്കർ | | |
| 5 | ഫർണിച്ചർ | | |
| 6 | മെത്ത | | |
| 7 | വാഷിംഗ് മഷീൻ | | |
| 8 | ഗ്യാസ് സ്റ്റൗ | | |
| 9 | മറ്റുള്ളവ | | |
| ആകെ | | | |
| വിശദീകരണം(എന്തെങ്കിലും ഉണ്ടെങ്കിൽ): | | | |

## വായ്പയുടെ ആവശ്യകത

| ക്രമ.നം | വസ്തുക്കൾ | എണ്ണം | ആവശ്യമായ തുക |
|---|---|---|---|
| 1 | മിക്സി | 1 | |
| 2 | ടിവി | 1 | |
| 3 | ഫ്രിഡ്ജ് | 1 | |
| 4 | കുക്കർ | 1 | |
| 5 | ഫർണിച്ചർ -(മേശ,കസേര,കട്ടിൽ,അലമാര) | ഉദാ: 1മേശ<br>2 കസേര | |
| 6 | മെത്ത | | |
| 7 | വാഷിംഗ് മഷീൻ | 1 | |
| 8 | ഗ്യാസ് സ്റ്റൗ | 1 | |
| 9 | മേൽ പറയാത്തവ | | |
| 10 | മറ്റുള്ളവ(വീടിന്റെ ചെറിയതോതിലെ റിപ്പയർ, ജീവനോപാധികൾ കണ്ടെത്താൻ തുടങ്ങിയവ) | | |
| ആകെ | | | |
| **ആകെ തുക 1 ലക്ഷം രൂപയിൽ അധികരിക്കരുത്** | | | |

കേരള സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്ന റിസർജന്റ് കേരള ലോൺ പദ്ധതി പ്രകാരം മേൽ ആവശ്യങ്ങൾക്കായി --------------------രൂപ

------------വായ്പയായി അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. വായ്പ കൃത്യമായി തിരിച്ചടക്കുന്നതാണെന്നും ഇതു സംബന്ധമായ മുഴുവൻ നിബന്ധനകളും പാലിക്കുമെന്നും ഉറപ്പ് നൽകുന്നു. ഏതെങ്കിലും കാരണവശാൽ തിരിച്ചടവു മുടങ്ങുകയാണെങ്കിൽ ആയത് എന്നിൽനിന്നും എന്റെ സ്വത്തുക്കളിൽനിന്നും ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും അറിയിക്കുന്നു. വായ്പയായി റൊക്കം കൈപ്പറ്റിയ സംഖ്യയ്ക്ക് പ്രോമിസറി നോട്ട് ഈടായി നൽകുകയും ചെയ്യുന്നുണ്ട്. എന്റെ വീട്ടിൽ നിന്നും മറ്റ് വനിതാ കുടുംബാംഗങ്ങൾ ഈ വായ്പക്കായി എന്റെ അയൽക്കൂട്ടത്തിലോ മറ്റ് അയൽക്കൂട്ടങ്ങളിലോ അപേക്ഷിച്ചിട്ടില്ലായെന്നും ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

സാക്ഷിയുടെ പേരും ഒപ്പും

വായ്പക്കാരന്റെ പേരും ഒപ്പും

Annexure- 2

## പ്രോമിസറി നോട്ട്

സംഖ്യ ........................ രൂപ മാത്രം തീയതി:

മേൽ എഴുതിയ .................... രൂപ ............................................................ അയൽക്കൂട്ടത്തിൽ കൃത്യമായ തവണ വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും അനുസരിച്ച് തിരികെ നൽകി ബോധ്യപ്പെടുത്തി കൊള്ളാമെന്ന് ............................ അംശം .........................------- ദേശത്ത് ............................... വീട്ടിൽ ------------------ ആളുടെ മകൾ/ഭാര്യ ആയ ഞാൻ ഇതിനാൽ വാഗ്ദാനം ചെയ്തിരിക്കുന്നു പ്രതിഫല സംഖ്യ ................ ആവശ്യത്തിന് മുഴുവനും റൊക്കം കിട്ടി ബോധിച്ചിരിക്കുന്നു.

സാക്ഷികൾ 1.

2. പേരും ഒപ്പും

| |
|---|
| റവന്യൂ<br>സ്റ്റാമ്പ് |

*Annexure-3*

## കുടുംബശ്രീ

## RKLS വായ്പയ്ക്കുള്ള അപേക്ഷാ ഫോറം

**ബാങ്കിന്റെ പേര്:............................ ബ്രാഞ്ച്:....................... അപേക്ഷാ തീയതി ....................**

1. സി ഡി എസ്സിന്റെ പേര് :
2. എ ഡി എസ്സ്/വാർഡ് പേര്/നമ്പർ :
3. അയൽക്കൂട്ടത്തിന്റെ പേര് :
4. അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നമ്പർ/തീയ്യതി :
5. അഫിലിയേഷൻ പുതുക്കിയ തീയ്യതി :
6. അയൽക്കൂട്ടത്തിലെ ആകെ അംഗ ങ്ങളുടെ എണ്ണം :

   ബി പി എൽ അംഗങ്ങൾ :

   എ. പി എൽ അംഗങ്ങൾ :

   എസ് സി : ....., എസ് ടി :......., ജനറൽ:.....

7. അയൽക്കൂട്ടത്തിന്റെ നാളിതു വരെയുള്ള ആകെ സമ്പാദ്യം (അപേക്ഷാ തീയതി അനുസരിച്ച്)
8. അയൽക്കൂട്ടം നാളിതുവരെ നൽ കിയ ആകെ ആന്തരീക വായ്പ (അപേക്ഷാ തീയതി അനുസരിച്ച്)
9. അയൽക്കൂട്ടം 2016 - 17 ഓഡിറ്റ് പൂർത്തീകരിച്ചതാണോ? അതെ ☐ അല്ല ☐
10. ഓഡിറ്റ് ചെയ്ത തീയ്യതി :
11. ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചിട്ടുണ്ട് : അതെ ☐ അല്ല ☐
12. RKLS പ്രകാരം ആവശ്യമായ
13. വായ്പാ തുക ആവശ്യമായ ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം :

14. RKLS പ്രകാരം ആവശ്യമായ
വായ്പാ തുക :

---

വായ്പ ആവശ്യമായ അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ.നം | അംഗത്തിന്റെ പേര് | അംഗമായ വർഷം | ആവശ്യമായ തുക | ആവശ്യങ്ങളുടെ ലഘു വിവരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | ആകെ തുക | | | |

മേൽപറഞ്ഞ വിവരങ്ങൾ സത്യമാണെന്നും ടിയാളുടെ വീട്ടിൽ നിന്നും മറ്റംഗങ്ങളാരും ഈ വായ്പാ പദ്ധതിക്കായി ഈ അയൽക്കൂട്ടത്തിലോ മറ്റ് അയൽക്കൂട്ടങ്ങളിലോ അപേക്ഷിച്ചിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്, തീയതി
അയൽക്കൂട്ടം പ്രസിഡണ്ട്
പേര്, വിലാസം, ഫോൺനമ്പർ

ഒപ്പ്, തീയതി
അയൽക്കൂട്ടം സെക്രട്ടറി
പേര്, വിലാസം, ഫോൺ

(അയൽക്കൂട്ടത്തിന്റെ മുദ്ര)

---

**<u>എ ഡി എസ്സിന്റെ മേലൊപ്പ്</u>**

ഒപ്പ്, തീയതി
എ ഡി എസ്സ് ചെയർപേഴ്സൺ / സെക്രട്ടറി
പേര്:

---

## സി ഡി എസ്സിന്റെ ശുപാർശ

............................................................ അയൽക്കൂട്ടത്തിന് RKLS സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കാവുന്നതാണ്.

| | |
|---|---|
| ഒപ്പ്, തീയതി | ഒപ്പ്, തീയതി |
| സി.ഡി.എസ് ചെയർപേഴ്സൺ | മെമ്പർ സെക്രട്ടറി |
| പേര് | പേര് |

(ഓഫീസ് മുദ്ര)

അനുബന്ധം 4

**സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക കിട്ടിയവരുടെയും അവരുടെ കുടുംബത്തിൽ നിന്നും RKLS വായ്പക്ക് അപേക്ഷിച്ചവരുടെയും വിവരങ്ങൾ (എക്സൽ ഷീറ്റിൽ തയ്യാറാക്കേണ്ടത്)**

| Mapping of Beneficiaries who received One time Relief with Kudumbashree Members | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Sl No | Name of the Beneficiary who received FRs | Bank Account No | Bank | Branch | House Address | Name of the Kudumbashree member who submitted the loan application form | NHG | ADS | CDS |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

ബാങ്ക് ബ്രാഞ്ചുകൾ സി.ഡി.എസ്സിനു നൽകേണ്ട

വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

..........................................................................ബാങ്ക് ..................................................ബ്രാഞ്ച്

**2018 RKLS വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്**

സി ഡി എസ്സിന്റെ പേര് ..........................................................

| ക്രമ നം | അയൽക്കൂട്ടത്തിന്റെ പേര് | അഫിലിയേഷൻ നമ്പർ | വായ്പാ നമ്പർ/ തീയ്യതി | ആകെ അനുവദിച്ച വായ്പ | പലിശ നിരക്ക് | കാലാവധി (മാസം) | തവണ തുക | വാർഷിക പലിശ തുക (ആദ്യ വർഷം) | പലിശ തുക (ആദ്യ വർഷം) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| ആകെ | | | | | | | | | | |

ഒപ്പ്, തീയതി (സീൽ)

ബ്രാഞ്ച് മാനേജർ

............................................... ബാങ്ക്

ഒപ്പ്, തീയതി (സീൽ)

സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി

പേര്

**ജില്ലാ മിഷൻ തയ്യാറാക്കി സംസ്ഥാന മിഷന് നൽകേണ്ട ബാങ്ക്-ബ്രാഞ്ച്-സി.ഡി.എസ് തിരിച്ചുള്ള ക്രോഡീകരിച്ച വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്**

**..................................ജില്ല ...................... മാസം........................ വർഷം**

| സി..ഡി.എസ്സിന്റെ പേര് | ബാങ്കിന്റെ പേര് | ബ്രാഞ്ചിന്റെ പേര് | അയൽക്കൂട്ട എണ്ണം | വായ്പാതുക | വാർഷിക പലിശ തുക (ആദ്യ വർഷം) | പലിശ തുക (1 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക്) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

ഒപ്പ്, തീയതി (സീൽ)
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
............................................... കുടുംബശ്രീ ജില്ലാ മിഷൻ

## ബാങ്ക് സി.ഡി.എസ്സിനു നൽകേണ്ട വാർഷികപലിശ സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റിന്റെ മാതൃക

.....................................................................ബാങ്ക് ............ ബ്രാഞ്ച് ..................... മാസം ...................... വർഷം

**സി ഡി എസ്സിന്റെ പേര്.....................................................**

| ക്രമ നം | അയൽക്കൂട്ടത്തിന്റെ പേര് | വായ്പാ നമ്പർ/ തീയതി | വായ്പാ തുക | പലിശ നിരക്ക് | വായ്പാ നീക്കിയിരിപ്പ് | തിരിച്ചടവ് വിശദാംശങ്ങൾ (കഴിഞ്ഞ 12 മാസത്തെ) | | വാർഷിക പലിശ തുക ........ വർഷം | പലിശ സബ്സിഡി തുക ................ .ഗഡു | തിരിച്ചടവിൽ കുടിശ്ശിക ഉണ്ടെങ്കിൽ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | തിരിച്ചടച്ച മുതൽ | തിരിച്ചടച്ച പലിശ | | | മുതൽ | പലിശ |
| | | | | | | | | | | | |
| ആകെ | | | | | | | | | | | |

ഒപ്പ്, തീയതി (സീൽ)
ബ്രാഞ്ച് മാനേജർ
..........................ബാങ്ക്

ഒപ്പ്, തീയതി (സീൽ)
സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി
പേര്

**ജില്ലാ മിഷൻ തയ്യാറാക്കി സംസ്ഥാന മിഷന് നൽകേണ്ട ബാങ്ക്-ബ്രാഞ്ച്-സി.ഡി.എസ് തിരിച്ചുള്ള ക്രോഡീകരിച്ച സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റ്**

**..................................ജില്ല ...................... മാസം........................ വർഷം**

| സി..ഡി.എസ്സിന്റെ പേര് | ബാങ്കിന്റെ പേര് | ബ്രാഞ്ചിന്റെ പേര് | അയൽക്കൂട്ട ങ്ങളുടെ എണ്ണം | വായ്പാതുക | വാർഷിക പലിശ തുക (............ .വർഷം) | പലിശ തുക ................ ഗഡു (1 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക്) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

ഒപ്പ്, തീയതി (സീൽ)
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
............................................. കുടുംബശ്രീ ജില്ലാ മിഷൻ

## അയൽക്കൂട്ടത്തിന്റെ വായ്പാ രജിസ്റ്റർ

(ഒരംഗത്തിന് ഒരു പേജ്)

അയൽക്കൂട്ടത്തിന്റെ പേര് :
അഫിലിയേഷൻ നമ്പർ :
ബാങ്കിന്റെ പേര് :
അക്കൗണ്ട് നമ്പർ :
വായ്പ തുക :
തിരിച്ചടവ് കാലം :
തിരിച്ചടവ് തുക :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വായ്പ നൽകിയ തീയ്യതി | വായ്പ തുക | വായ്പ യുടെ ആവശ്യം | തിരിചടച്ചു തീർത്ത തീയതി | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

അംഗത്തിന്റെ പേര് :

| തീയതി | വായ്പതുക | പലിശ | ത്രൈമാസം പലിശ ഉൾപ്പെടെ തിരിച്ചടക്കേണ്ട തുക | 1ാം ആഴ്ച | 2ാം ആഴ്ച | 3ാം ആഴ്ച | 4ാം ആഴ്ച | 5ാം ആഴ്ച | ആകെ | മാസാവസാനം തിരിച്ചടക്കേണ്ട ആകെ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |